# നമ്മുടേതല്ലീ നിരത്തുകൾ മക്കളേ....

ഓട്ടോ റിക്ഷയിലേയ്ക്കു നടന്നെത്താൻ വിഷമിച്ചു. കയറുമ്പോൾ കാലു നല്ലവണ്ണം വേദനിയ്ക്കുകയും ചെയ്തു.

ലക്ഷ്യം എന്താണെന്ന് മുമ്പേ പറഞ്ഞുകൊടുത്തിരുന്നു. പാലക്കാട് റോഡിലേയ്ക്കു കയറി, നേരെ സ്വരാജ് റൗണ്ടിലേയ്ക്ക്. റൗണ്ട് പ്രദക്ഷിണം വെച്ച് ഷൊർണ്ണൂർ റോഡിലേയ്ക്ക്. ആശുപത്രി അവിടെയാണ്.

വൈകുന്നേരം ആശുപത്രികൾക്ക് അസമയമാണ്. രാവിലത്തെ തിരക്കു കഴിഞ്ഞ് ഡോക്ടർമാർ എല്ലാവരും വീട്ടിലായിരിയ്ക്കും. എല്ലു ഡോക്ടറെ പരിചയമുള്ളതുകൊണ്ട് സ്വാതന്ത്ര്യമെടുത്തു. കാഷ്വാലിറ്റിയിൽ ചെല്ലാനാണ് പറഞ്ഞിരിയ്ക്കുന്നത്. എന്നാലും ഇന്നിനി എക്സ്റേയൊക്കെ എടുക്കാനാവുമോ എന്ന് കണ്ടുതന്നെ അറിയണം. അസുഖം വരണമെങ്കിൽ അത് രാവിലെത്തന്നെ വേണം എന്നു പറയുന്നത് വെറുതെയല്ല.

ഇത്ര ഗൗരവമാവും എന്ന് കരുതിയില്ല. നടക്കുന്നതിനിടയിൽ കാല് ഒന്നു മടങ്ങിയെന്നേ ധരിച്ചുള്ളു. പക്ഷേ നീരു കെട്ടിയതോടെ എന്തോ പറ്റിയിട്ടുണ്ടെന്നുറപ്പായി. നല്ല വേദനയുമുണ്ട്.

ഇടവഴിയിലൂടെ കുറച്ചു മുന്നോട്ടു പോയതേയുള്ളു. പാലക്കാട് റോഡിൽ വാഹനങ്ങളുടെ നീണ്ട നിര. ഒരു വാഹനവും അനങ്ങുന്നില്ല.

''ആകെ ബ്ലോക്കാണല്ലോ,'' ഡ്രൈവർ പകുതി തന്നോടു തന്നെയെന്ന പോലെ പറഞ്ഞു.

അപ്പോഴാണ് ഓർമ്മിച്ചത്. ഇന്ന് ഒരു പാർട്ടിയുടെ സംസ്ഥാനസമ്മേളനം സമാപിയ്ക്കുകയാണ്. ശക്തിപ്രകടനം ഉണ്ടെന്നും ഉച്ചതിരിഞ്ഞ് മൂന്നുമണി മുതൽ ഗതാഗതനിയന്ത്രണം ഉണ്ടെന്നും പത്രത്തിൽ കണ്ടിരുന്നു. കാല് പണിമുടക്കുമെന്ന് അപ്പോൾ അറിഞ്ഞിരുന്നില്ലല്ലോ.

അഞ്ചു മിനിട്ടോളം കാത്തുനിന്നു. ഓട്ടോ റിക്ഷയ്ക്ക് അനങ്ങാൻ പറ്റിയില്ല. പാലക്കാട് റോഡിൽ അല്ലെങ്കിലേ തിരക്കാണ്. റോഡ് മുറിച്ചു കടക്കാൻ പോലും കാത്തുനിൽക്കേണ്ടി വരാറുണ്ട്.

''നമുക്ക് തിരിച്ചുപോയാലോ,'' ഞാൻ പറഞ്ഞു. ''മിഷൻ ആശുപത്രീടെ മുമ്പിലൂടെ പോയാൽ ഇക്കണ്ട വാരിയർ റോഡിലെത്താം. അവിടെനിന്ന് ഹൈറോഡു വഴി റൗണ്ടിലേയ്ക്കു കേറാമല്ലോ.''

ഓട്ടോക്കാരൻ തിരിഞ്ഞു നോക്കി. അപ്പോഴേയ്ക്കും ഞങ്ങൾക്കു പിന്നിൽ വാഹനങ്ങളുടെ നിര നീണ്ടുകഴിഞ്ഞിരുന്നു. തിരിയ്ക്കാൻ നിർവ്വാഹമില്ല. തൽക്കാലം കാത്തുനിൽക്കുക തന്നെ.

ആറേഴു മിനിട്ടു കഴിഞ്ഞപ്പോൾ വാഹനങ്ങൾക്ക് ഒരനക്കം കണ്ടു. പഴുതു നോക്കി ഡ്രൈവർ പതുക്കെ വാഹനം മുന്നോട്ടെടുത്തു. പാലക്കാട് റോഡിലേയ്ക്കു പ്രവേശനം കിട്ടിയപ്പോൾ പകുതി ആശ്വാസം തോന്നിയെങ്കിലും കാര്യമൊന്നുമുണ്ടായില്ല. പതിനഞ്ചു മിനിട്ട് എടുത്തു കിഴക്കേ കോട്ടയിലെത്താൻ.

കോട്ടയിൽ നാലു വശത്തുനിന്നും വാഹനങ്ങൾ വന്ന് മുട്ടിനിൽക്കുകയാണ്. വാഹനങ്ങളുടെ ഹോണുകളും പോലീസിന്റെ പീപ്പി വിളികളും കൊണ്ട് ശബ്ദായമാനം. ഏതായാലും അധികസമയം അവിടെ നിൽക്കേണ്ടിവന്നില്ല. റൗണ്ടിലേയ്ക്ക് പ്രവേശനമില്ല എന്ന് പോലീസ് അറിയിച്ചു. കർശനമായ ശാസനയും: ഇടത്തോട്ടു തിരിയുക.

കൽപന അനുസരിച്ച് വണ്ടി ഇടത്തോട്ടു തിരിച്ചു. ഇക്കണ്ട വാരിയർ റോഡിൽ വലിയ തിരക്കുണ്ടായിരുന്നില്ല. വഴിയിൽ പലരും ഞങ്ങളുടെ ഓട്ടോ റിക്ഷയിക്ക് കൈകാണിയ്ക്കുന്നുണ്ടായിരുന്നു. അതിലധികവും സ്ത്രീകളാണ്.

''പെണ്ണുങ്ങൾക്കാണ് ദുരിതം,'' ഓട്ടോക്കാരൻ പറഞ്ഞു. ''വല്ലോണം വീട്ടിലെത്തിയാൽ മതിയെന്നായിട്ടുണ്ടാവും അവർക്ക്. വീട്ടില് കുട്ടികള് കാത്തിരിയ്ക്കുന്നുണ്ടാവും. പാവങ്ങൾ.''

ഹൈറോഡിലെത്തിയപ്പോഴേയ്ക്കും കുറേ ടാബ്ലോകൾ ബാൻഡു വാദ്യവുമായി എതിരെ വന്നു. അവർ വാഹനനിരകളെ തടഞ്ഞുകൊണ്ട് റോഡിൽ നിറഞ്ഞു. അതോടെ എല്ലാ നിയന്ത്രണവും വിട്ടു. ബാഡ്ജ് കുത്തിയ പ്രവർത്തകർ റോഡ് മുറിച്ചുകടന്ന് ഒഴുകിക്കൊണ്ടിരുന്നു. ബസ്സുകൾ നീങ്ങുന്നില്ലെന്നു കണ്ട് അതിലെ യാത്രക്കാർ ബസ് സ്റ്റാൻഡിലേയ്ക്ക് ഇറങ്ങിനടക്കാൻ തുടങ്ങിയിരുന്നു.

''ബസ് സ്റ്റാൻഡിലെത്തിയാൽ എല്ലാം സമാധാനമായി എന്നാണ് വിചാരം,'' ഓട്ടോക്കാരൻ പറഞ്ഞു. ''ഇന്ന് പകുതി ബസ്സുകളും ഉണ്ടാവില്ല. റൂട്ട് ബസ്സുകളിൽ അധികവും ജാഥക്കാരെ കൊണ്ടുവരാൻ കോൺട്രാക്റ്റ് ആയി ഓടുകയാവും.''

ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ വാഹനങ്ങൾ തലങ്ങും വിലങ്ങും കിടക്കുന്നു. ബസ്സുകൾക്കു മുന്നിൽ ഓരോ യൂണിറ്റിന്റേയും പേരു കെട്ടിയ ബാനറുകളുണ്ട്. എവിടെനിന്നൊക്കെയോ ഉച്ചഭാഷിണിയിൽ അറിയിപ്പുകൾ. യാത്രക്കാർ പരിഭ്രാന്തരായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.

ഓട്ടോക്കാരൻ പറഞ്ഞു: ''മാഷേ, നമുക്ക് ഒരു കാര്യം ചെയ്യാം. റിങ്ങ് റോഡു വഴി എം ജി റോഡിലേയ്ക്കു കടക്കാം. അവിടെനിന്ന് സപ്തതി മന്ദിരം വഴി ഷൊർണ്ണൂർ റോഡിലേയ്ക്ക് എത്താം. കുറച്ചു വളവാണ്, എന്നാലും.''

എനിയ്ക്കു വിരോധമൊന്നുമുണ്ടായിരുന്നില്ല. വേറെ വഴിയൊന്നും ഇല്ലല്ലോ. വണ്ടി കുറച്ചുകൂടി ദൂരം മുന്നോട്ടു പോയപ്പോൾ പട്ടുകൊടിയേന്തിയ ധാരാളം പേർ റോഡിന്റെ ഇരുവശത്തുമായി കൂട്ടം കൂടി നിൽക്കുന്നു. സ്വരാജ് റൗണ്ടിലേയ്ക്ക് പുറപ്പെടാനുള്ള ജാഥയ്ക്കുള്ളവരാണ്. അതിൽത്തന്നെ കുറേ പേർ വഴിയിലേയ്ക്ക് ഇറങ്ങിനിന്നതുകൊണ്ട് വാഹനങ്ങളൊന്നും മുന്നോട്ടു പോവുന്നില്ല.

പത്മവ്യൂഹത്തിൽപ്പെട്ടതു പോലെ ഓട്ടോ മുന്നോട്ടും പിന്നോട്ടും നീങ്ങാനാവാതെ നിന്നു. ഓട്ടോ റിക്ഷക്കാരൻ എൻജിൻ ഓഫ് ആക്കി.

''അര മണിക്കൂർ കഴിഞ്ഞു നമ്മൾ പുറപ്പെട്ടിട്ട്,'' അയാൾ പറഞ്ഞു. ''ചുരുങ്ങീത് നാല് ഓട്ടത്തിന്റെ സമയമായി.''

പിന്നെയും പതിനഞ്ചു മിനിട്ടു കഴിഞ്ഞു വഴി ഒഴിഞ്ഞു കിട്ടാൻ. ദിവാൻജി മൂലയിൽ എത്തിയപ്പോൾ പോലീസ് വീണ്ടും ഇടപെട്ടു. ഗതി ഇടത്തോട്ടു തന്നെ. പൂത്തോളിലേയ്ക്കുള്ള വഴിയിലേയ്ക്കാണ് തിരിച്ചുവിട്ടത്. ഗതാഗതത്തിന്റെ താളം ആകെ തെറ്റിയതു കാരണം വേണ്ടത്ര വാഹനങ്ങൾ മുന്നിലുണ്ടായിരുന്നു. നിരങ്ങൽ തന്നെ യോഗം.

പതുക്കെപ്പതുക്കെ പൂത്തോളും കടന്ന് എം ജി റോഡിലെത്തി വലത്തോട്ടു തിരിയാൻ ഭാവിച്ചപ്പോൾ പോലീസ് തടഞ്ഞു. എവിടേയ്ക്കാണ് പോവേണ്ടത് എന്ന ചോദ്യമൊന്നുമില്ല. കർശനമായ ശാസനയായിരുന്നു: പടിഞ്ഞാറേ കോട്ടയിലേയ്ക്കു പോവുക.

എവിടേയ്ക്കാണ് ഈ യാത്ര എന്ന് അമ്പരക്കുകയായിരുന്നു ഞാൻ. ഓട്ടോക്കാരൻ പക്ഷേ തോൽക്കാനുള്ള ഭാവമായിരുന്നില്ല. ''നമുക്ക് പൂങ്കുന്നത്തേയ്ക്കു പൂവ്വാം,'' അയാൾ പറഞ്ഞു: ''അവിടെനിന്ന് ഓവർ ബ്രിഡ്ജ് കടന്ന് പാട്ടുരായ്ക്കലിൽ എത്താം. ആശുപത്രിയിലേയ്ക്ക് അവിടെനിന്നു തിരിയാമല്ലോ.''

പടിഞ്ഞാറേ കോട്ടയെത്തിയപ്പോൾ വീണ്ടും വാഹനക്കൂട്ടം. അത്ര പെട്ടെന്നൊന്നും പൂങ്കുന്നത്ത് എത്തില്ലെന്നു തീർച്ചയായി. ഓട്ടോക്കാരൻ ഒരു ദീർഘനിശ്വാസം വിട്ടു:

''നാലു കൊല്ലായി മാഷേ ഈ വണ്ടി എടുത്തിട്ട്. രണ്ടു കൊല്ലം മുമ്പ് കടം വീടിയതേയുള്ളു. എന്നാലും കയ്യിൽ ഒന്നും ബാക്കിയില്ല. രണ്ടു പെങ്കുട്ട്യോളാ. എട്ടിലും പത്തിലും. ഭാര്യയ്ക്ക് തുന്നൽപ്പണിയുള്ളതുകൊണ്ട് തട്ടിമുട്ടിപ്പോണൂ എന്നു മാത്രം.''

''വണ്ടിയ്ക്ക് ഓട്ടമില്ലേ?''

''ഇല്യാന്നു പറയാൻ വയ്യ. എന്നാലും പണ്ടത്തേപ്പോലെയില്ല. എല്ലാ പേട്ടയിലും നിറയെ വണ്ടികളല്ലേ. പിന്നെ, ദേ ഇതു പോലുള്ള ദിവസം രണ്ടെണ്ണം ആയാൽ മതീലോ. ഇന്നത്തെ ദിവസം പോക്കാ. രാവിലെയും ഒന്നുണ്ടായിരുന്നു. കലക്ടറേറ്റ് മാർച്ച്. വഴി മൊടക്കീട്ട് വേണംന്ന് നിർബ്ബന്ധാ അവർക്ക്. പത്താളേ ഉള്ളൂച്ചാലും റോഡിൽ നിറ ഞ്ഞാണ് നടക്കുക. ഗതാഗതം സ്തംഭിപ്പിച്ചാലല്ലേ നാലാള് അറിയുള്ളൂ.''

കലക്റ്ററേറ്റ് മാർച്ച് എന്നുമുള്ളതാണ്. കലക്റ്ററേറ്റിലേയ്ക്കാണെങ്കിലും സ്വരാജ് റൗണ്ട് ചുറ്റണം എന്ന് പ്രകടനക്കാർക്ക് നിർബ്ബന്ധമാണ്.

''വല്ല ഹർത്താലും പണിമൊടക്കുമൊക്കെ വന്നാലും ഇങ്ങനെയൊക്കെയാണ്,'' ഓട്ടോക്കാരൻ തുടർന്നു. ''വണ്ടി പൊറത്തെടുക്കാൻ പറ്റില്ല. നിങ്ങളേപ്പോലെയല്ലല്ലോ ഞങ്ങടെ കാര്യം. ഓടീല്യാച്ചാൽ ഓടീല്യാ. അന്നത്തെ കളക്ഷൻ പിന്നെ കിട്ട്ല്യലോ.''

കാല് വിങ്ങുന്നുണ്ട്. കുറേ നേരം തൂക്കിയിട്ടതുകൊണ്ടാവും. ഞാൻ സീറ്റിന്റെ ഒര രികിലേയ്ക്കു നീങ്ങിയിരുന്ന് കാല് സീറ്റിലേയ്ക്കു കയറ്റിവെച്ചു.

കേരളവർമ്മ സ്റ്റോപ്പിലെത്തിയപ്പോൾ വീണ്ടും വഴിതടസ്സം. ഏതായാലും പരിസ രത്ത് പോലീസിനെയൊന്നും കാണാനില്ല. എതിരെയുള്ള വഴിയിലൂടെ ജാഥ കൊടിയു മേന്തി അതിവേഗം എത്തിക്കൊണ്ടിരിയ്ക്കുകയാണ്. ആകാശത്തേയ്ക്ക് മുഷ്ടികൾ ഉയർന്നു. ആവേശത്തോടെ മുദ്രാവാക്യങ്ങളും.

''പാവങ്ങൾക്കു വേണ്ടിയാണ് എല്ലാവരും ആണയിടുന്നത്,'' മുദ്രാവാക്യം ശ്രദ്ധിച്ച് ഓട്ടോക്കാരൻ തുടർന്നു. ''പാവങ്ങളിൽ ഓട്ടോക്കാർ പെടില്ല എന്നു തോന്നുന്നു. ഇല്ലെ ങ്കിൽ ഞങ്ങളുടെ അന്നം മുടക്കി ഇങ്ങനെ ഓരോ പരിപാടി വെയ്ക്കില്ലല്ലോ.''

സമയം ആറു മണിയാവാൻ ആറു മിനിട്ട്. ആറു മണിയോടെ കാഷ്വാലിറ്റിയിൽ എത്താമെന്നാണ് എല്ലു ഡോക്ടർ പറഞ്ഞിട്ടുള്ളത്. ഇനി ആറു മണിയ്ക്ക് അവിടെ എത്താൻ പറ്റുന്ന കാര്യം സംശയമാണ്.

പൂങ്കുന്നം കടന്നപ്പോൾ ഓവർ ബ്രിഡ്ജിൽ പതിവിലും തിരക്ക്. മുട്ടിമുട്ടിക്കൊണ്ട് വാഹനങ്ങൾ നിരങ്ങിക്കൊണ്ടിരുന്നു. ഇതിനിടെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് രണ്ട് സ്പെഷൽ ബസ്സുകൾ ഞങ്ങളെ കടന്നുപോയി. അവർക്ക് വഴിതടസ്സമൊന്നും പ്രശ്നമ ല്ലെന്നു തോന്നി.

പാട്ടുരായ്ക്കലിൽ എത്തിയപ്പോഴാണ് കണക്കു കൂട്ടലുകൾ എല്ലാം പിഴച്ചു എന്നു മനസ്സിലായത്. ഇടത്തുനിന്ന് വലിയ വലിയ ജാഥകൾ എത്തിക്കൊണ്ടിരിയ്ക്കുകയാണ്. റൗണ്ടിലേയ്ക്കുള്ള വഴി ബ്ലോക് ചെയ്തുകൊണ്ട് പോലീസുകാരൻ നിൽക്കുന്നു.

''കോപ്പറേറ്റീവ് ആശുപത്രിയിലേയ്ക്കാണ്,'' പോലീസുകാരനോട് എന്നെ ചൂണ്ടി ക്കാണിച്ച് ഓട്ടോക്കാരൻ പറഞ്ഞു. ''പൊയ്ക്കോട്ടെ?''

പോലീസുകാരൻ ചിരിച്ചു. ''നിങ്ങളുടെ വണ്ടി മാത്രമായിട്ടോ? ഒരൊറ്റ വണ്ടിയും റൗണ്ടിലേയ്ക്ക് കടത്തിവിടരുതെന്നാണ് ഓർഡർ.''

''എന്താ വേണ്ടത് മാഷേ?'' ഓട്ടോക്കാരൻ തിരിഞ്ഞു നോക്കി. ''മാഷക്ക് ഇറങ്ങി നടക്കാൻ പറ്റുമോ?''

''അതിനു പറ്റുമെങ്കിൽ എനിയ്ക്ക് ആശുപത്രിയിൽ പോണ്ടല്ലോ,'' ഞാൻ ചിരിച്ചു. ''നമുക്ക് ഒരു കാര്യം ചെയ്യാം. ജാഥ തീരട്ടെ. അപ്പോൾ മുന്നോട്ടു തന്നെ പുവ്വാം.''

''മുന്നോട്ടോ?''

''അതെ; വീട്ടിലേയ്ക്ക്.''

''അപ്പോൾ ഡോക്ടറെ കാണണ്ടേ?''

‘‘അതു സാരമില്ല,’’ ഞാൻ പറഞ്ഞു. ‘‘അതിലും അത്യാവശ്യമുള്ള കാര്യങ്ങളാണല്ലോ നടക്കുന്നത്. ഡോക്ടറെ നമുക്ക് നാളെയോ മറ്റന്നാളോ കാണാമല്ലോ.’’

ജാഥയുടെ തിരക്കൊഴിയാൻ ഞങ്ങൾ കാത്തുകിടന്നു.

**(അഷ്ടമൂർത്തി)**